പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 71

05.02.2020-ലെ മറുപടിയ്ക്ക്

## വനമേഖലയിലെ ആദിവാസികളെ കുടിയൊഴിപ്പിക്കുന്ന നടപടി

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വനമേഖലയിൽ വസിക്കുന്ന ആദിവാസികളെ കുടിയൊഴിപ്പിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വനമേഖലയിൽപ്പെട്ടവരെയാണ് ഇത്തരത്തിൽ കുടിയൊഴിപ്പിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | വനമേഖലയിൽ വസിക്കുന്ന ആദിവാസികളെ കുടിയൊഴിപ്പിക്കുന്നതിന് വനംവകുപ്പ് തീരുമാനം ഒന്നും എടുത്തിട്ടില്ല. വനാവകാശം അനുവദിക്കുന്നതിന് സമർപ്പിച്ചതും എന്നാൽ നിരസിച്ചതുമായ അപേക്ഷകളിൽ ഉൾപ്പെട്ട ഭൂമികളിലെ ആദിവാസികളെ ഒഴിപ്പിക്കുന്നതിന് WP(C)109/2008 നമ്പർ കേസിൽ 13.02.2019-ൽ സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വ്യക്തിഗത വനാവകാശം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച 39999 അപേക്ഷകളിൽ നിയമ പ്രകാരമുള്ള എല്ലാ പരിശോധനയും നടത്തിയതിനു ശേഷമാണ് 894 അപേക്ഷകൾ നിരസിച്ചിട്ടുള്ളത്. മേൽ അപേക്ഷകൾ നിരസിക്കപ്പെട്ടത് അപേക്ഷകർ ആവശ്യമുന്നയിച്ച ഭൂമി 13.12.2005-ന് മുമ്പായി കൈവശം വയ്ക്കാത്ത സാഹചര്യത്തിലും, അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി നിലവിലില്ലാത്തതിനാലും, ഒരേ സ്ഥലത്തിന് തന്നെ ഒന്നിലേറെ അപേക്ഷകൾ സമർപ്പിക്കപ്പെട്ടതിനാലും ആവശ്യമുന്നയിച്ച ഭൂമിയിൽ പിൻതുടർച്ചാവകാശ തർക്കം നിലനിൽക്കുന്നതുൾപ്പെടെയുള്ള കാരണങ്ങളാലാണ്. ആയതിനാൽ നിരസിക്കപ്പെട്ട അപേക്ഷകളിൽ ഉൾപ്പെട്ടത് കൈയ്യേറ്റ ഭൂമിയാണെന്ന് തീർത്തും പറയാനാവില്ല. ആയതിനാൽ, വനമേഖലയിലെ ആദിവാസികളെ കുടിയൊഴിപ്പിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല. |

| | | | |
|---|---|---|---|
| (ബി) | വനഭൂമിയിൽ കൈവശാവകാശ രേഖ ലഭിച്ച ഇവരെ വനത്തിൽ നിന്നും ഇറക്കിവിടാൻ നിയമമില്ലാത്ത സാഹചര്യത്തിൽ ഇവർക്കുള്ള വൈദ്യുതിയും ഗതാഗത സംവിധാനവും തടയുന്ന നടപടി അവസാനിപ്പിക്കുമോ; വിശദമാക്കുമോ; | (ബി) | കൈവശാവകാശരേഖ ലഭിച്ച ആദിവാസി കുടുംബങ്ങളെ വനത്തിൽ നിന്നും ഇറക്കി വിടുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല. വനാവകാശ നിയമവുമായി ബന്ധപ്പെട്ട് വൈദ്യുതി, ഗതാഗത സംവിധാനം മുതലായ സാമൂഹിക വികസനാവശ്യങ്ങളുമായി ബന്ധപ്പെട്ട് 639 ഓളം പദ്ധതികൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ, വൈദ്യുതിയും ഗതാഗത സംവിധാനവും തടയുന്ന സമീപനമല്ല വനംവകുപ്പ് ഈ കാര്യത്തിൽ കൈകൊണ്ടു വരുന്നത്. |
| (സി) | വനവിഭവങ്ങൾ ശേഖരിച്ചും പ്രത്യേക ആചാരങ്ങളിലും സംസ്കാരത്തിലും ജീവിക്കുകയും ചെയ്യുന്ന ആദിവാസികളെ വനഭൂമിയിൽ നിന്നും പുറത്താക്കുന്ന നടപടി പുനഃപരിശോധിക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ? | (സി) | ചോദ്യം (എ) ലെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ